**പതിനാലാം കേരള നിയമസഭ**

**പതിനഞ്ചാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 118** **11.06.2019 ൽ മറുപടിയ്ക്ക്**

**റിയ എസ്റ്റേറ്റിൽ നിന്നും ഭൂനികുതി സ്വീകരിച്ച നടപടി**

| **ചോദ്യം** | **മറുപടി** |
|---|---|
| **ശ്രീ.പാറക്കൽ അബ്ദുല്ല**<br>**ഡോ.എം. കെ. മുനീർ**<br>**ശ്രീ.വി.കെ.ഇബ്രാഹിം കുഞ്ഞ്**<br>**ശ്രീ.പി.കെ.ബഷീർ** | **ശ്രീ.ഇ. ചന്ദ്രശേഖരൻ**<br>**(റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി)** |

| | | |
|---|---|---|
| (എ) | ഹാരിസൺ മലയാളം ലിമിറ്റഡ് വിറ്റതും തെന്മലയിലെ റിയ എസ്റ്റേറ്റിന്റെ കൈവശമുള്ളതുമായ 206 ഏക്കർ ഭൂമിയുടെ നികുതി സ്വീകരിക്കുന്നതിന് വില്ലേജ് ഓഫീസർക്ക് സർക്കാർ നിർദ്ദേശം നൽകിയിരുന്നുവോ; | (എ) ഇല്ല |
| (ബി) | നിർദ്ദേശം നൽകിയിരുന്നില്ലെങ്കിൽ നികുതി സ്വീകരിക്കുവാനുണ്ടായ സാഹചര്യത്തെപ്പറ്റി അന്വേഷണം നടത്തുമോ; | (ബി) യും (സി) യും<br>കൊല്ലം ജില്ലയിലെ തെന്മല എസ്റ്റേറ്റ്, മലയാളം പ്ലാന്റേഷൻസ് (യു.കെ) ലിമിറ്റഡ് കൈവശം വച്ചിരുന്ന സർക്കാർ ഗ്രാന്റുകളിൽ ഉൾപ്പെട്ട ഭൂമിയാകുന്നു. ഇതിൽ നിന്നും 206 ഏക്കർ മുംബൈ ആസ്ഥാനമായ റിയാറിസോർട്ട്സ് & പ്രോപ്പർട്ടിസിന് 2005 ൽ എച്ച്.എം.എൽ കമ്പനി വിൽപ്പന നടത്തുകയുണ്ടായി. പ്രസ്തുത സർക്കാർ ഭൂമിയിൽ എച്ച്.എം.എൽ കമ്പനി തങ്ങളുടെ ഉടമസ്ഥത സ്ഥാപിക്കാതെയാണ് വിൽപ്പന നടത്തിയിട്ടുള്ളതെന്ന കണ്ടെത്തലിൽ പ്രസ്തുത കമ്പനിയുടെയും സമാനമായ മറ്റു കമ്പനികളുടെയും കൈവശത്തിലിരിക്കുന്ന സർക്കാർ ഭൂമി ഏറ്റെടുക്കുന്നതിന് 1957 ലെ KLC ആക്ട് പ്രകാരം നിയമിതനായ സ്പെഷ്യൽ ഓഫീസർ ടി ഭൂമി അടക്കം 38170.92 ഏക്കർ തോട്ടം ഭൂമി സർക്കാരിലേക്ക് ഏറ്റെടുത്തുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി. സ്പെഷ്യൽ ഓഫീസറുടെ നടപടികൾക്കെതിരെ എച്ച്.എം.എൽ. കമ്പനിയും അവരിൽ നിന്നും ഭൂമി നേടിയവരും (റിയ ഉൾപ്പെടെ) |
| (സി) | നികുതി സ്വീകരിച്ചതുവഴി പ്രസ്തുത ഭൂമി സർക്കാർ ഏറ്റെടുക്കുന്നതിന് എന്തെങ്കിലും തടസ്സം ഉണ്ടായിട്ടുണ്ടോ; വിശദമാക്കുമോ? | |

| | | |
|---|---|---|
| | | ഫയൽ ചെയ്ത റിട്ടുകളിൽ 11.4.2018 ന് ബഹു. ഡിവിഷൻ ബെഞ്ച് പ്രഖ്യാപിച്ച വിധിന്യായത്തിൽ കെ.എൽ.സി. ആക്ട് പ്രകാരം നിയമിതനായ സ്പെഷ്യൽ ഓഫിസർക്ക് ഭൂമിയുടെ ഉടമസ്ഥത നിശ്ചയിക്കാൻ അധികാരമില്ലെന്ന് നിരീക്ഷിച്ചുകൊണ്ട് സ്പെഷ്യൽ ഓഫീസറുടെ ഉത്തരവുകൾ റദ്ദുചെയ്യുകയുണ്ടായി. ടി ഭൂമിയിൽ സർക്കാരിന്റെ ഉടമസ്ഥത സ്ഥാപിക്കുന്നതിനായി സർക്കാരിനു സിവിൽ കേസുകൾ ഫയൽചെയ്യാമെന്നും ബഹു. ഹൈക്കോടതി നിർദ്ദേശിക്കുകയുണ്ടായി.<br>M/s. റിയാ റിസോർട്ട്സ് ആന്റ് പ്രോപ്പർട്ടീസ് ലിമിറ്റഡ് M/s. ഹാരിസൺ മലയാളം ലിമിറ്റഡിൽ നിന്നും വാങ്ങിയ തെന്മല വില്ലേജിലെ 206.57 ഏക്കർ ഭൂമിക്ക് പോക്കുവരവ് നടത്തി കരം സ്വീകരിക്കണമെന്ന ആവശ്യം ഉന്നയിച്ച് WP(C) 28115/06 ഫയൽ ചെയ്യുകയും ബഹു.ഹൈക്കോടതി 05.10.2013 ന് പുറപ്പെടുവിച്ച ഉത്തരവിൻ പ്രകാരം പോക്കുവരവ് അപേക്ഷ പുന:പരിശോധിക്കുന്നതിനും ഹാജരാക്കിയിട്ടുള്ള ആധാരങ്ങൾ പ്രാപ്തമാണെങ്കിൽ പോക്കുവരവ് അനുവദിക്കുന്നതിനും അഡീഷണൽ തഹസിൽദാർക്ക് നിർദ്ദേശം നൽകിയിരുന്നു. ഇതിനെതിരെ സർക്കാർ ഫയൽ ചെയ്ത WA 200/15 അപ്പീലിൽ 17.09.2018 ന് പുറപ്പെടുവിച്ച വിധിന്യായ പ്രകാരം പോക്കുവരവ് ചെയ്യുന്നതും ടാക്സ് എടുക്കുന്നതും ഉടമസ്ഥത സംബന്ധിച്ച് തെളിവുകൾ അല്ലായെന്നും ആയതിനാൽ വിധിന്യായത്തിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് ലഭിച്ച് മൂന്ന് മാസത്തിനകം പോക്കുവരവ് നടത്തി നൽകണമെന്നും എന്നാൽ ഹാരിസൺ മലയാളത്തിന്റെ ഭൂമി സംബന്ധമായ കേസിൽ സിവിൽ കോടതിയെ സമീപിക്കാൻ സർക്കാരിന് നൽകിയിട്ടുള്ള അവകാശം ഈ സംഗതിയിലും റിസർവ് ചെയ്യുന്നു എന്നും ഉത്തരവിടുകയുണ്ടായി. പ്രസ്തുത കോടതിവിധിയുടെ അടിസ്ഥാനത്തിൽ സർക്കാരിന്റെ പ്രത്യേക അനുമതി ഇല്ലാതെ ജില്ലാ തലത്തിൽ തന്നെ തീരുമാനമെടുത്ത് റിയാ എസ്റ്റേറ്റിന്റെ കരം സ്വീകരിക്കുകയാണുണ്ടായത്. തോട്ടം ഭൂമി സംബന്ധിച്ച് ഉടമസ്ഥാവകാശം സ്ഥാപിക്കുന്നതിനായി സിവിൽ കോടതിയിൽ കേസ് ഫയൽ ചെയ്യുന്നതിനും സിവിൽ കേസിലെ അന്തിമ വിധിക്ക് വിധേയം എന്ന വ്യവസ്ഥക്ക് വിധേയമായി കരം |

| | | |
|---|---|---|
| | | സ്വീകരിക്കുന്നതിനും തീരുമാനമെടുത്ത് ഉത്തരവ് പുറപ്പെടുവിച്ചിരിക്കുന്നതിനാൽ റിയാ എസ്റ്റേറ്റിനു കരം അടച്ചു നൽകിയ നടപടിയും സിവിൽ കോടതിയുടെ അന്തിമ വിധിക്ക് വിധേയമായിരിക്കുന്നതാണ്.<br>ഹാരിസൺ മലയാളം ലിമിറ്റഡും സമാനമായ മറ്റു കമ്പനികളും കൈവശം വച്ചിരിക്കുന്ന തോട്ടം ഭൂമിയിൽ സർക്കാരിന്റെ ഉടമസ്ഥത സ്ഥാപിക്കുന്നതിനായി സിവിൽ കേസ് ഫയൽ ചെയ്യുന്നതിനും നിബന്ധനകൾക്കു വിധേയമായി കരം സ്വീകരിക്കുന്നതിനും റീപ്ലാന്റേഷനു വേണ്ടി പ്രായംചെന്ന റബ്ബർ മരങ്ങൾ മുറിക്കുന്നതിനും അനുമതി നൽകി 6.6.2019-ൽ സ.ഉ(കൈ) 172/2019/റവ നമ്പർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ